**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5346** **21-03-2025 - ൽ മറുപടിയ്ക്ക്**

**മീറ്ററിട്ടില്ലെങ്കിൽ യാത്ര സൗജന്യം എന്ന സ്റ്റിക്കർ പതിച്ചുള്ള യാത്ര**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മീറ്റർ പ്രവർത്തിപ്പിക്കാതെ സർവീസ് നടത്തുന്ന ഓട്ടോറിക്ഷകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി 'മീറ്ററിട്ടില്ലെങ്കിൽ യാത്ര സൗജന്യം' എന്ന സ്റ്റിക്കർ ഓട്ടോറിക്ഷകളിൽ പതിപ്പിക്കുവാനുള്ള മോട്ടോർ വാഹന വകുപ്പിന്റെ തീരുമാനത്തിന്റെ പ്രത്യാഘാതങ്ങൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഓട്ടോറിക്ഷാ മേഖലയുടെ നിലനിൽപ്പ് പൊതുജനങ്ങളുടേയും ഓട്ടോറിക്ഷാ തൊഴിലാളികളുടേയും ആവശ്യമാണ്. സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫെയർ ചാർജ്ജ് അംഗീകരിച്ച് സർവ്വീസ് നടത്തേണ്ടത് ഓട്ടോറിക്ഷാ തൊഴിലാളികളുടേയും അതിന് പ്രകാരമുള്ള യാത്രാക്കൂലി നൽകേണ്ടത് യാത്രക്കാരുടേയും കടമയും കർത്തവ്യവുമാണ്. ഇരു വിഭാഗവും സഹകരിച്ച് പ്രവർത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.<br><br>സദുദ്ദേശത്തോടെയാണ് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി "മീറ്ററിട്ടില്ലെങ്കിൽ യാത്ര സൗജന്യം" എന്ന സ്റ്റിക്കർ പതിപ്പിക്കുവാനുള്ള തീരുമാനമെടുത്തതെങ്കിലും തൊഴിലാളി സംഘടനകളുമായി ബഹു ഗതാഗത വകുപ്പ് മന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ "മീറ്ററിട്ടില്ലെങ്കിൽ യാത്ര സൗജന്യം" എന്ന സ്റ്റിക്കർ പതിപ്പിക്കുവാനുള്ള തീരുമാനം പിൻവലിക്കുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുള്ളതും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |
| (ബി) | പ്രസ്തുത തീരുമാനം നടപ്പാക്കും മുമ്പ് തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്യുവാനും അശാസ്ത്രീയ തീരുമാനങ്ങൾ പുനഃപരിശോധിക്കുവാനും നടപടി സ്വീകരിക്കുമോ; | (ബി) | ഓട്ടോറിക്ഷ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തുകയും അവരുടെ ആശങ്കകൾ പരിഗണിച്ച് "മീറ്ററിട്ടില്ലെങ്കിൽ യാത്ര സൗജന്യം" എന്ന സ്റ്റിക്കർ പതിപ്പിക്കുവാനുള്ള തീരുമാനം പിൻവലിക്കാൻ തീരുമാനിച്ചിട്ടുമുണ്ട്. |
| (സി) | അപ്രായോഗികവും ജനാധിപത്യ വിരുദ്ധവും തൊഴിലാളി ദ്രോഹപരവുമായ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ഇത്തരം തീരുമാനങ്ങൾ പിൻവലിക്കുവാൻ നിർദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഓട്ടോറിക്ഷാ മേഖലയുടെ നിലനിൽപ്പ് പൊതുജനങ്ങളുടേയും ഓട്ടോറിക്ഷാ തൊഴിലാളികളുടേയും ആവശ്യമാണ്. സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫെയർ ചാർജ്ജ് അംഗീകരിച്ച് സർവ്വീസ് നടത്തേണ്ടത് ഓട്ടോറിക്ഷാ തൊഴിലാളികളുടേയും അതിന് പ്രകാരമുള്ള യാത്രാക്കൂലി നൽകേണ്ടത് യാത്രക്കാരുടേയും കടമയും |

| | | | |
|---|---|---|---|
| | | | കർത്തവ്യവുമാണ്. ഇരു വിഭാഗവും സഹകരിച്ച് പ്രവർത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.<br><br>സദുദ്ദേശത്തോടെയാണ് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി "മീറ്ററിട്ടില്ലെങ്കിൽ യാത്ര സൗജന്യം" എന്ന സ്റ്റിക്കർ പതിപ്പിക്കുവാനുള്ള തീരുമാനമെടുത്തതെങ്കിലും തൊഴിലാളി സംഘടനകളുമായി ബഹു ഗതാഗത വകുപ്പ് മന്ത്രി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ "മീറ്ററിട്ടില്ലെങ്കിൽ യാത്ര സൗജന്യം" എന്ന സ്റ്റിക്കർ പതിപ്പിക്കുവാനുള്ള തീരുമാനം പിൻവലിക്കുന്നതിനുള്ള നിർദ്ദേശം നല്കിയിട്ടുള്ളതും സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ